"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് -സിനിമ തിയേറ്ററുകളുടെ ലൈസൻസ് പിഴ കൂടാതെ പുതുക്കുന്നത് - കാലാവധി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.1231/2026/LSGD തീയതി,തിരുവനന്തപുരം, 03-07-2026

---

പരാമർശം:- 1. 15.03.2026 ലെ സ.ഉ.(സാധാ) നം. 769/2026/LSGD

2. കേരള ഫിലിം ചേംബർ ഓഫ് കൊമേഴ്സ് ജനറൽ സെക്രട്ടറിയുടെ 08.06.2026-ലെ KFCC/052/2026-2027 നമ്പർ കത്ത്.

3 തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 22.06.2026-ലെ LSGD/PD/8497/2026-REV4 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്തെ സിനിമ തിയേറ്ററുകളുടെ ലൈസൻസ് പിഴ കൂടാതെ പുതുക്കുന്നതിനുള്ള കാലാവധി പരാമർശം (1) സർക്കാർ ഉത്തരവു പ്രകാരം 30.06.2026 വരെ ദീർഘിപ്പിച്ചു നൽകിയിരുന്നു.

2. തുടർന്ന് സിനിമ തിയേറ്ററുകളുടെ ലൈസൻസ് പിഴ കൂടാതെ പുതുക്കുന്നതിനുള്ള കാലാവധി 31.12.2026 വരെ ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം (2) പ്രകാരം കേരള ഫിലിം ചേമ്പർ ഓഫ് കൊമേഴ്സ് ജനറൽ സെക്രട്ടറി സർക്കാരിനോട് അപേക്ഷിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന സിനിമ തിയേറ്ററുകളുടെ ലൈസൻസ്, പിഴ കൂടാതെ പുതുക്കുന്നതിനുള്ള കാലാവധി 31.12.2026 വരെ ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**MANOJ S**

ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/ഓഡിറ്റ് II), കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഡയറക്ടർ,ഐ&പിആർഡി(വെബ് &ന്യൂമീഡിയ),തിരുവനന്തപുരം.
സാംസ്കാരികകാര്യ വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി [LSGD-RC3/154/2026-LSGD].

ഉത്തരവിൻ പ്രകാരം
Signed by
Deepu B K
Date: 03-07-2026 17:00:37
സെക്ഷൻ ഓഫീസർ